**കേരള കാർഷിക സർവ്വകലാശാല**
**കെ.എ.യു. ആസ്ഥാനം, വെള്ളാനിക്കര, തൃശ്ശൂർ -680656**

നം. ജിഎ/ഡി1/13624/2017 വെള്ളാനിക്കര, തിയ്യതി: 05/10/2017

പരിപത്രം

വിഷയം: കേരള കാർഷിക സർവ്വകലാശാല – പൊതുഭരണം - സർവ്വകലാശാലയിൽ വിവിധ ആവശ്യങ്ങൾക്കായി മുൻകൂർ തുക അനുവദിയ്ക്കുന്നത് - നിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന : കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരാമർശം

*************

സർവ്വകലാശാലയ്ക്ക് കീഴിലുള്ള വിവിധ കേന്ദ്രങ്ങളിൽ കണ്ടിജന്റ് ഇനത്തിൽ താത്കാലികമായി നൽകുന്ന മുൻകൂറുകൾ ക്രമപ്രകാരവും, ഫിനാൻഷ്യൽ കോഡിൽ ഇതു സംബന്ധിച്ച് പരാമർശിക്കുന്ന വ്യവസ്ഥകളോടും മാനദണ്ഡങ്ങളോടും കൂടിയല്ല എന്ന കേരള സംസ്ഥാന ഓഡിറ്റ് വിഭാഗത്തിന്റെ പരാമർശത്തിന്റെ വെളിച്ചത്തിൽ ഈ വിഷയം സംബന്ധിച്ച് മുൻ കാലങ്ങളിൽ പുറപ്പെടുവിച്ച പരിപത്രത്തിലെ നിർദ്ദേശങ്ങൾ ചേർത്തുവച്ച് ഒരിക്കൽ കൂടി താഴെപറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിയ്ക്കപ്പെടുന്നതിലേയ്ക്കായി അറിയിക്കുന്നു.

1) സർവ്വകലാശാലയുടെ വിവിധ സ്റ്റേഷൻ /ഓഫീസുകളിൽ വിവിധ ആവശ്യങ്ങൾക്കായി മുൻകൂർ തുക അനുവദിയ്ക്കുമ്പോൾ പ്രസ്തുത ആവശ്യം നിവർത്തിക്കുവാൻ ഉദ്ദേശിയ്ക്കപ്പെടുന്ന തുക മാത്രം അധികാര നിയോഗത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് മുൻകൂറായി സ്റ്റേഷൻ /ഓഫീസ് മേധാവി അനുവദിയ്ക്കുക.

2) അനുവദിച്ച മുൻകൂർ തുക 04/10/11 ലെ സർക്കാർ ഉത്തരവ് നം.ജിഒ (പി) നം. 4/9/11 പ്രകാരം മൂന്നു മാസത്തിനുള്ളിൽ തീർപ്പാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നൽകിയ തുക അതിന്റെ 18% പലിശ സഹിതം തിരിച്ചുപിടിയ്ക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടപടികൈക്കൊള്ളേണ്ടതാണ്.

3) സർവ്വകലാശാലയിൽ ജോലി ചെയ്യുന്ന താൽക്കാലിക ജീവനക്കാർക്കും, കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർക്കും ഒരു കാരണവശാലും മുൻകൂർ തുക അനുവദിയ്ക്കാൻ പാടുള്ളതല്ല. ഇതിൽ വീഴ്ചവരുത്താതെ നോക്കേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ട സ്റ്റേഷൻ / ഓഫീസ് മേധാവിയിൽ നിക്ഷിപ്തമായിരിയ്ക്കും.

**രജിസ്ട്രാർ**

സ്വീകർത്താക്കൾ

കേരള കാർഷിക സർവ്വകലാശാല യുടെ കീഴിലുള്ള എല്ലാ കോളേജ് /സ്റ്റേഷൻ/ഓഫീസ് മേധാവികളും.

പകർപ്പ് : അസിസ്റ്റന്റ് കംപ്ട്രോളർ ഡിഡി &എ/സെക്ഷൻ ഓഫീസർ എസ് എ 1 എ